**ക്രമപ്രശ്നം**

ഗവർണ്ണറുടെ മുൻകൂർ അനുമതി വാങ്ങണമെന്നത് സംബന്ധിച്ച്

ശ്രീ. കെ. എം. മാണി: സർ, ഭരണഘടന 207 (3) അനുസരിച്ച് സഞ്ചിത നിധിയിൽനിന്ന് ചെലവു വരുന്ന ഏതു ബില്ലിനും ബഹുമാനപ്പെട്ട ഗവർണ്ണറുടെ ശിപാർശ ആവശ്യമാണ്. ഈ ബില്ലിൽ ഫിനാൻഷ്യൽ മെമ്മോറാണ്ടത്തിൽ പറഞ്ഞിരിക്കുന്നത്, The Bill, if enacted and brought into operation, would not involve any additional expenditure from the Consolidated Fund of the State. പക്ഷേ ഇത് തികച്ചും ശരിയല്ല. കൺസോളിഡേറ്റഡ് ഫണ്ടിൽനിന്നും ചെലവു വരുന്ന ധാരാളം വ്യവസ്ഥകൾ ഇതിലുണ്ട്. അപ്പോൾ ഇതിന് ബഹുമാനപ്പെട്ട ഗവർണ്ണറുടെ അനുമതിയും ശിപാർശയും ആവശ്യമായിരുന്നു. ബഹുമാനപ്പെട്ട ഗവർണ്ണറുടെ ശിപാർശയുണ്ട്, അത് മണി ബില്ലിനുള്ള ശിപാർശയാണ്. പക്ഷേ 207 (3) അനുസരിച്ചുള്ള ശിപാർശ വേറെ വേണം. കൺസോളിഡേറ്റഡ് ഫണ്ടിൽനിന്നും അഡീഷണൽ എക്സ്പെന്റീച്ചർ ചെലവു ചെയ്യുന്നതിനുള്ള ശിപാർശ വേറെ വേണം. ആ ശിപാർശ ഇവിടെ കിട്ടിയിട്ടില്ല. ആദ്യത്തെ ശിപാർശയല്ല, രണ്ടാമത്തെ ശിപാർശ ഇവിടെ കിട്ടിയിട്ടില്ല. ഈ ബിൽ അവതരിപ്പിക്കുന്നതിന് നിയമതടസ്സമുണ്ട്.

ഇവിടെ ഒരുകാര്യം ഞാൻ പറയട്ടെ. സഞ്ചിത നിധിയിൽനിന്ന് ചെലവു വരുന്നതിന്റെ ഉദാഹരണമായി, മൂന്നാം വകുപ്പ് വിവിധതരം ഓഫീസർമാരെ നിയമിക്കുവാൻ സർക്കാരിന് അധികാരം നൽകുന്നുണ്ട്. പ്രൊവൈസോ അനുസരിച്ച് വാറ്റ്, കെ.ജി.എസ്.റ്റി. നിയമമനുസരിച്ച് നിയമിതരായവരെല്ലാം ജി.എസ്.ടി.യിലെയും ഉദ്യോഗസ്ഥൻമാരായി പരിഗണിക്കാം. എന്നാൽ മൂന്നാം വകുപ്പ് അനുസരിച്ച് സ്പെഷ്യൽ കമ്മീഷണർ ഓഫ് ടാക്സിന് ആവശ്യമായ ഉദ്യോഗസ്ഥരെ നിയമിക്കുവാൻ ചരക്കു സേവന നികുതിയിൽ വ്യവസ്ഥയുണ്ട്. ഈ തസ്തികയിലുള്ള ഉദ്യോഗസ്ഥർ വാണിജ്യ നികുതി വകുപ്പിൽ ഇപ്പോൾ നിലവിലില്ല. ഈ പുതിയ തസ്തികയിൽ നിയമനം നടത്തുമ്പോൾ സഞ്ചിത നിധിയിൽനിന്ന് അധികച്ചെലവ് വേണ്ടിവരും. നാലാമത്തെ വകുപ്പിലേയ്ക്ക് വരുമ്പോൾ, മൂന്നാം വകുപ്പിനു പുറമെ വേറെ ഉദ്യോഗസ്ഥരെ നിയമിക്കാൻ വ്യവസ്ഥ ചെയ്യുന്നുണ്ട്. അതുപോലെതന്നെ, ഈ നിയമത്തിൽ ക്ലിയറായി അഡ്ജ്യൂഡിക്കേറ്റിംഗ് അതോറിറ്റി, റിവിഷണൽ അതോറിറ്റി എന്നിവരെ നിയമിക്കുവാൻ വ്യവസ്ഥയുണ്ട്. ഇവരുടെ ചെലവ് സഞ്ചിത നിധിയിൽനിന്നും വഹിക്കേണ്ടതായും വരും. ജി.എസ്.ടി. സെക്ഷൻ 109-ലേയ്ക്ക് കടക്കുമ്പോൾ അപ്പലേറ്റ് ട്രൈബ്യൂണലിനെ നിയമിക്കുവാൻ വ്യവസ്ഥ ചെയ്യുന്നുണ്ട്. അതിന് ചെലവ് വേണ്ടിവരും. പ്രസ്തുത

ട്രൈബ്യൂണലിലെ ഉദ്യോഗസ്ഥൻമാരുടെ ശമ്പള ചെലവുകൾ സഞ്ചിത നിധിയിൽനിന്നുതന്നെ നൽകേണ്ടിവരും. ബില്ലിലെ സെക്ഷൻ 132-ലേയ്ക്ക് കടക്കുമ്പോൾ കോടതി മുഖാന്തിരം ശിക്ഷ നൽകുന്ന പല വ്യവസ്ഥകളുമുണ്ട്. പക്ഷേ ഇത്തരം കേസുകൾ നടത്തുവാൻ പ്രോസിക്യൂട്ടേഴ്സിനെ നിയമിക്കേണ്ടി വരും. ജി.എസ്.ടി. അനുസരിച്ച് വ്യാപാരികളും നികുതി വകുപ്പും തമ്മിലുള്ള വിനിമയം ഇനി മുതൽ ഓൺലൈൻ വഴിയാക്കും. അതിലേയ്ക്ക് അടുത്ത കാലത്ത് കമ്മീഷണർ കുറേ ആളുകളെ നിയമിച്ചിട്ടുണ്ട്. ഇവരുടെ ശമ്പളം സഞ്ചിത നിധിയിൽനിന്നാണ്. ജി.എസ്.ടി. നടപ്പിലാക്കുമ്പോൾ സംസ്ഥാനങ്ങൾക്ക് വരുന്ന അധികച്ചെലവ് അഞ്ചു വർഷത്തേയ്ക്ക് കേന്ദ്ര സർക്കാർ നൽകുന്ന കോമ്പൻസേഷൻ പാക്കേജിൽ ഉൾപ്പെടുത്തിയില്ലെങ്കിൽ അത്രയും തുക സംസ്ഥാന സർക്കാർ സഹിക്കേണ്ടി വരും.

റൂൾ 73 അനുസരിച്ച് ബില്ലിന്റെ ഓരോ വകുപ്പിലും റെക്കറിംഗ് ആന്റ് നോൺ റെക്കറിംഗ് ചെലവുകൾ പ്രത്യേകം കാണിക്കണം. അതിവിടെ കാണിച്ചിട്ടില്ല. അത് ചെയ്തിട്ടില്ല. ഈ സാഹചര്യങ്ങളെല്ലാം കണക്കിലെടുക്കുമ്പോൾ നിയമഭാ ചട്ടം 73 അനുസരിച്ച് ഒരു പുതിയ ധനകാര്യ മെമ്മോറാണ്ടം ഫയൽ ചെയ്യുവാൻ അങ്ങ് റൂളിംഗ് നൽകണം. ആർട്ടിക്കിൾ 207 (1) അനുസരിച്ച് അധികച്ചെലവുകൾക്ക് ബഹുമാനപ്പെട്ട ഗവർണ്ണറുടെ ശിപാർശ വാങ്ങിയതിനുശേഷമേ ഇത്

അവതരിപ്പിക്കുവാൻ അനുവദിക്കാവൂ എന്നുമാത്രമേ ഞാൻ പറയാൻ ആഗ്രഹിക്കുന്നുള്ളൂ. ബഹുമാനപ്പെട്ട ഗവർണ്ണറുടെ അനുമതിയില്ലാതെ ഇത് അവതരിപ്പിക്കുന്നത് ശരിയല്ല. ബഹുമാനപ്പെട്ട മന്ത്രി ഇതിന് വേറെ ഉത്തരങ്ങളൊക്കെ പറയും. പക്ഷേ ഇതിന് ക്ലിയറായി ബഹുമാനപ്പെട്ട ഗവർണ്ണറുടെ അനുമതി വാങ്ങേണ്ടതാണ്, പക്ഷേ വാങ്ങിയിട്ടില്ല.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി.എം. തോമസ് ഐസക്): സർ, ഈ സഭ കേരള മൂല്യവർദ്ധിത നിയമം പാസ്സാക്കിയിട്ടുള്ളതാണ്, അവിടേയും ഇതു തന്നെയാണ് പറഞ്ഞിട്ടുള്ളത്. പുതിയ ഡെസിഗ്നേഷൻസും മറ്റുകാര്യങ്ങളുമുണ്ട്. പക്ഷെ അതെല്ലാം നിലവിലുള്ള ഉദ്യോഗസ്ഥൻമാരുടെ റീ-ഡിപ്ലോയ്മെന്റ് വഴിയല്ലാതെ, പുതിയ നിയമനങ്ങൾ ഒന്നും നമ്മൾ എൻവിസേജ് ചെയ്യുന്നില്ല. അതുകൊണ്ടാണ് അധികച്ചെലവ് പ്രതീക്ഷിക്കുന്നില്ല എന്ന് വ്യക്തമാക്കിയിട്ടുള്ളത്.

ശ്രീ. കെ. എം. മാണി: (...മൈക്ക് ഓഫ്....) നിയമിക്കുന്നതിനുള്ള വ്യവസ്ഥ അതിലുണ്ട്. പിന്നെ എൻവിസേജ് ചെയ്യുന്നില്ല എന്നു പറഞ്ഞാൽ എങ്ങനെയാണ്? ഇതിനകത്ത് ഓരോന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്.

ഡോ.ടി.എം. തോമസ് ഐസക്: സർ, അതെല്ലാം പൂർണ്ണമായിട്ടും റീ-ഡിപ്ലോയ്മെന്റിന്റെ അടിസ്ഥാനത്തിലാണ്, വാറ്റ് നടപ്പിലാക്കിയപ്പോഴും

ഇങ്ങനെതന്നെയായിരുന്നു. അതുകൊണ്ട് അധികച്ചെലവൊന്നും സർക്കാർ പ്രതീക്ഷിക്കുന്നില്ല. ആയതിനാലാണ് ഇതിന് ഗവർണ്ണറുടെ കയ്യിൽ നിന്നും 207(3) പ്രകാരമുള്ള പ്രത്യേക അനുമതി വാങ്ങാത്തത്. എന്നാൽ മണിബിൽ എന്നുള്ള രീതിയിൽ ഗവർണ്ണറുടെ അനുമതി വാങ്ങിയിട്ടുണ്ട്.

(മി.സ്പീക്കർ)